**DCTVM/17056/2025-S**

**തിരുവനന്തപുരം ജില്ലാ കളക്ടറുടെ നടപടിക്രമം.**

(ഹാജർ:ANU KUMARI I A S )

തീയതി:**19-11-2025**

വിഷയം: ബീമാപള്ളി ഉറൂസ് 2025 - പ്രാദേശിക അവധി അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം: 1. 04.10.2002 -ലെ സ.ഉ.(എം.എസ്) 327/2002/പൊ.ഭ.വ നം. സർക്കാർ ഉത്തരവ്.
2. പൊതുഭരണ (ഏകോപനം) വകുപ്പിൽ നിന്നുള്ള 18.11.2025 ലെ സിഡിഎൻ.1/119 /2025/പൊഭവ നം. കത്ത്.
3.ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ ടെ 14/11/2025 തീയതിയിലെ ഇ 2-1190609/2025 നമ്പർ അനൗദ്യോഗിക കുറിപ്പ്

***************

ബീമാപള്ളി ദർഗ്ഗാ ഷറീഫിലെ വാർഷിക ഉറൂസ് മഹോത്സവം 22-11-2025 മുതൽ 02-12-2025 വരെ തീയതികളിലാണ് നിശ്ചയിച്ചിട്ടുള്ളത്. പരാമർശം (1) സർക്കാർ ഉത്തരവിൻറെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം 2025 നവംബർ 22 (ശനിയാഴ്ച) പ്രാദേശിക അവധി അനുവദിക്കുന്നതിനു സർക്കാരിൽ നിന്ന് മുൻകൂർ അനുമതി ലഭ്യമായിട്ടുണ്ട്. പ്രാദേശിക അവധിയിൽ നിന്ന് നഗരസഭാ പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും പൊതു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാ സർക്കാർ സ്ഥാപനങ്ങളെയും ഒഴിവാക്കുവാൻ ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ സൂചന(3) പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ബീമാപള്ളി ദർഗ്ഗാ ഷറീഫിലെ വാർഷിക ഉറൂസ് മഹോത്സവത്തിന്റെ **ആദ്യ ദിവസമായ 2025 നവംബർ 22 (ശനിയാഴ്ച) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പൊതു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനങ്ങൾ എന്നിവ ഒഴികെയുള്ള തിരുവനന്തപുരം നഗരസഭാ പരിധിയിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾക്കും പ്രാദേശിക അവധി അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.**

മുൻ നിശ്ചയിച്ചച്ചിട്ടുള്ള പൊതുപരീക്ഷകൾക്ക് ഈ അവധി ബാധകമായിരിക്കില്ല.

Signed by
Anu Kumari
Date: 19-11-2025 11:44:36

DISTRICT COLLECTOR

പകർപ്പ് :

1. പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ (ഏകോപനം) വകുപ്പ്, തിരുവനന്തപുരം.
2. പോലീസ് കമ്മീഷണർ, തിരുവനന്തപുരം സിറ്റി
3. സബ് കളക്ടർ, തിരുവനന്തപുരം.

Scanned with OKEN Scanner